**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** | **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ലഹരി ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ലഹരി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | സ്കൂളുകൾക്കുള്ളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യങ്ങളില്ല. എന്നാൽ ലഹരി ഉപയോഗം സംബന്ധിച്ച് സ്കൂൾ തലത്തിൽ നിന്നും ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വകുപ്പ് ഇതിനെ ഗൗരവമായി കാണുകയും ലഹരി വ്യാപനം തടയുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | എങ്കിൽ കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകൾക്ക് മാർഗ്ഗനിർദേശങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) | 2024- 2025 അധ്യയന വർഷാരംഭം ലഹരിയുടെ ദുരുപയോഗം, വിപത്തുകൾ, സമൂഹത്തിലെ സ്ഥിതി വിശേഷം എന്നിവ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നതിനായി, സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകി സർക്കുലർപുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 2024-2025 അദ്ധ്യയനവർഷം ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തിപ്പിലേയ്ക്കായി ഒന്നരകോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ഈ അദ്ധ്യയന വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഹൈസ്കൂൾ തലത്തിൽ ജീവിതശൈലിയുമായി ബന്ധപ്പെട്ട ലഹരിയുടെ ദുരുപയോഗം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുണ്ട്.<br><br>ജൂൺ 26 ന് ആന്റി- ഡ്രഗ് പാർലമെന്റ് ഒക്ടോബർ 2 ന് സംവാദസദസ്, നവംബർ 1- ന് മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം, നവംബർ 14 – ന് ശിശുദിന അസംബ്ലി, ഡിസംബർ 10 ന് ലഹരി വിരുദ്ധ സെമിനാർ, ജനുവരി 30 – ന് ക്ലാസ് സഭ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |

ബഹു: ഹൈക്കോടതിയുടെ റീജിയണൽ ജുഡീഷ്യൽ കൊളോക്യത്തിന്റെ നിർദ്ദേശാനുസരണം എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ് , സാമൂഹ്യനീതി വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവരുമായി ചേർന്ന് ഒരു Standard operating procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP യുമായി ബന്ധപ്പെട്ട ട്രെയിനിംഗ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി ആദ്ധ്യാപകർക്കും അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട് . പ്രസ്തുത SOP യിൽ കേസുകളുടെ റിപ്പോർട്ടിംഗ്, കൗൺസിലിംഗ്, റെഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി പ്രദിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം രണ്ട് ലക്ഷത്തോളമുള്ള അദ്ധ്യാപകർക്ക് മേൽ ഘടകങ്ങളെ സംബന്ധിച്ച പരീശീലനം ഈ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകി.

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന മൊഡ്യൂൾ പ്രകാരം അദ്ധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ തലത്തിൽ രൂപികരിച്ച ജാഗ്രതസമിതി, ജാഗ്രതാ ബിഗേഡുകൾ , ജാഗ്രതാ കോഡിനേറ്റർമാർ എന്നിവരെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജസ്വല മാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നേതൃത്വ പരിശീലന പരിപാടികൾ, രക്ഷാകർതൃ വിദ്യാഭ്യാസം, പ്രാദേശിക സംവാദ സദസുകൾ എന്നിവ പ്രവർത്തങ്ങളുടെ ഭാഗമാകും.

കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉത്പാദന ക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ(കലാകായികം) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഹയർസെക്കന്ററി തലത്തിൽ സൗഹൃദ കോഓർഡിനേറ്റർമാർ മുഖേന 1650 ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യയന വർഷം വർക്ക് ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ(Joint action plan) കുട്ടികളുടെ അദ്ധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ഈ അദ്ധ്യയന വർഷം നടപ്പിലാക്കും.

| | | | |
|---|---|---|---|
| | | | ഹയർ സെക്കന്ററി വിഭാഗത്തിൽ സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിന്റെയും, എസ് പി സി,എൻ എസ് എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ അനുബന്ധ ഏജൻസികളുടെ പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചാരണവും, ബോധവൽക്കരണവും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുകളും, പ്രോഗ്രാമുകളും നടന്നു വരുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ചും ലഹരി വ്യാപനം തടയുന്നതിനും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ തനത് പരിപാടികളും എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൂട്ടായും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ, നാഷണൽ സർവ്വീസ് സ്കീം (NSS) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി<br><br>Yellow line campaign, Habit state, Health &Arena, ജാഗ്രതാ മതിൽ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ